കുശലകേന്ദ്രം തുടങ്ങുന്നതിന് കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുട്ടനാട്ടിലും സ്ഥലം കണ്ടെത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസൾട്ടേഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനുള്ള പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.

261 (957) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാം നിര ഐ.ടി.ഐ.-ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാംനിര ഐ.ടി.ഐ. ആയി ഉയർത്തുന്നതിന് ശിപാർശ 2013-14-ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ

262 (958) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബർ 31 വരെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly